**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3140** **25-10-2021 - ൽ മറുപടിയ്ക്ക്**

**പഠന നിലവാരം ഉറപ്പുവരുത്തുന്നതിന് മോണിറ്ററിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികൾ തീരെ കുറവായ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠന നിലവാരം ആർജ്ജിച്ചതായി ഉറപ്പു വരുത്തുന്ന അക്കാദമിക മോണിറ്ററിംഗ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | വിദ്യാർത്ഥികൾ തീരെ കുറവായ സ്കൂളുകളിലെ അക്കാദമിക നിലവാരം ഉയർത്തി അത്തരം വിദ്യാലയങ്ങളെ മികവിൻെറ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. ഇത്തരം പ്രവർത്തന പരിപാടികൾ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിപുലമായ ജനപങ്കാളിത്തത്തോടെ നടത്തി വരികയാണ്. പഠന പിന്നോക്കാവസ്ഥ കണ്ടെത്തുന്നതിനുള്ള വിവിധ പരിപാടികൾ, പരിഹരിക്കാനുള്ള പാക്കേജുകളുടെ നിർമാണം, അധ്യാപക പരിശീലനം തുടങ്ങിയവയാണ് പ്രധാനമായും ഇടപെടൽ മേഖലകൾ. സംസ്ഥാനത്തെ വിവിധ ജില്ലാ പഞ്ചായത്തുകൾ ഇക്കാര്യത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് കാഴ്ചവച്ചിട്ടുള്ളത്. എന്നിരുന്നാലും പ്രാദേശികമായി നടക്കുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് സജീവമായ പിന്തുണ ഉറപ്പാക്കുന്നതിനും അക്കാദമിക മോണിറ്ററിംഗിനു വേണ്ട ദിശാ സൂചകങ്ങൾ നൽകുന്നതിനും സംസ്ഥാന തലത്തിൽ പ്രത്യേക പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ